"ഭരണഭാഷ മാതൃഭാഷ"

# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ - ഇംഗ്ലീഷ് വിഭാഗം പൊതു സ്ഥലം മാറ്റം 2021-22 ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉത്തരവ് നമ്പർ എ3 /8105 /2021/കോ വി വ തീയതി 08/09/2021**

**പരാമർശം :**

1) ഈ ഓഫീസിലെ 31/08/2021 തീയതിയിലെ എ3 /8105 /21/ കോ വി വ നമ്പർ ഉത്തരവ്

2) ശ്രീമതി ബിന്ദു ജോസഫ് അറമ്പൻകുടിയിൽ ന്റെ 01/09/2021 ലെ അപേക്ഷ

3) ശ്രീമതി. കിരൺ മരിയ ജോസ് ന്റെ 01/09/2021 ലെ അപേക്ഷ

## ഉത്തരവ്

പരാമർശം (1) പ്രകാരം സർക്കാർ കോളേജുകളിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകരുടെ 2021-22 ലെ പൊതു സ്ഥലംമാറ്റം പ്രസിദ്ധീകരിച്ചിരുന്നു.ടി ഉത്തരവിൽ ക്രമ നമ്പർ 29 ആയി ഉൾപ്പെട്ട തൃപ്പൂണിത്തുറ ആർ എൽ വി മ്യൂസിക് കോളേജിലെ ശ്രീമതി. ബിന്ദു ജോസഫ് അറമ്പൻകുടിയിൽ ന്റ സർക്കാർ കോളേജ് മൊകേരിയിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിരുന്നു. കുറച്ചുകൂടി സൗകര്യപ്രദമായ കോട്ടയ്ക്കൽ സർക്കാർ പോളിടെക്നിക് കോളേജിലേക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്ന് പരാമർശം 2 പ്രകാരം ശ്രീമതി. ബിന്ദു ജോസഫ് അറമ്പൻകുടിയിൽ അപേക്ഷിച്ചിട്ടുണ്ട്.ഗവണ്മെന്റ് പോളിടെക്നിക് കോളേജ് പാലയിലെ ശ്രീമതി. കിരൺ മരിയ ജോസ്, സർക്കാർ കോളേജ് കോട്ടയത്തേക്ക് സമർപ്പിച്ച ട്രാൻസ്ഫർ അപേക്ഷ പരിഗണിച്ചിട്ടില്ലെന്നും,ടി അപേക്ഷ പരിഗണിക്കണമെന്നും സൂചന 3 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത അപേക്ഷകൾ പരിഗണിച്ചുകൊണ്ട് ചുവടെപറയുന്ന ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിനെതിരെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലേക്ക് സ്ഥലം മാറ്റം നൽകി നിയമിച്ചുകൊണ്ട്, സൂചന 1 ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ. നം | അദ്ധ്യാപികയുടെ പേര് | സ്ഥലംമാറ്റി നിയമിക്കപ്പെടുന്ന സ്ഥാപനം |
|---|---|---|
| 1 | ബിന്ദു ജോസഫ് അറമ്പൻകുടിയിൽ<br>ആർ എൽ വി മ്യൂസിക് കോളേജ്<br>തൃപ്പൂണിത്തുറ | ഗവ വനിത പോളിടെക്നിക്<br>കോളേജ് കോട്ടയ്ക്കൽ<br>( നിലവിലെ ഒഴിവിൽ ) |
| 2 | കിരൺ മരിയ ജോസ്<br>ഗവണ്മെന്റ് പോളിടെക്നിക് കോളേജ് പാല<br>(അപേക്ഷ) | ഗവണ്മെന്റ് കോളേജ് കോട്ടയം<br>ലക്ഷ്മി പി എസ് ന്<br>സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ |
| 3 | ലക്ഷ്മി പി എസ്<br>ഗവണ്മെന്റ് കോളേജ് കോട്ടയം | ഗവണ്മെന്റ് പോളിടെക്നിക്<br>കോളേജ് പാല<br>കിരൺ മരിയ ജോസ് ന് സ്ഥലം<br>മാറ്റം നൽകുന്ന ഒഴിവിൽ |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും പുതിയ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. വിടുതൽ ചെയ്യുതും ജോയിൻ ചെയ്യുതുമായ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**ഒപ്പ് / -**

**വി.വിഗ്നേശ്വരി ഐ എ എസ്**

**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

**അംഗീകാരത്തോടെ**

**സൂപ്രണ്ട്**

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് 2.ബന്ധപ്പെട്ട അദ്ധ്യാപകന് 3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് 4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ 5.എ / ബി സെക്ഷൻ സൂപ്രണ്ട് 6.കരുതൽ ഫയൽ /ഓഫീസ് ഫയൽ